LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ലാ. പഞ്ചായത്ത് മുൻകയ്യെടുത്ത് നടത്തുന്ന ജലവൈദ്യുത പദ്ധതികൾ

149 (5554) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻകൈയെടുത്ത് ചെറുകിട വൈദ്യുത പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് വൈദ്യുതി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഈ പദ്ധതികളുടെ സാമ്പത്തിക ബാദ്ധ്യത എങ്ങനെയാണ് നിർവ്വഹിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണ്ണൂർ ജില്ലാ പഞ്ചായത്തിന് 1998-ൽ 0.08 മെഗാവാട്ട് ശേഷിയുള്ള കലങ്കി പദ്ധതി അനുവദിച്ചിരുന്നു. ഇതിനുവേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കി ബോർഡ് പഞ്ചായത്തിന് നല്കിവരുന്നു. പിന്നീട് പഞ്ചായത്ത് ഈ പദ്ധതിയിൽനിന്നും പിൻവാങ്ങി. ഊർജ്ജ വകുപ്പിന് കീഴിലുള്ള അനെർട്ടും, കണ്ണൂർ ജില്ലാ പഞ്ചായത്തും ചേർന്നാണ് പേരാവൂർ ബ്ലോക്കിലെ ചെറുകിട ജലവൈദ്യുത വികസന പരിപാടി തയ്യാറാക്കിയിട്ടുള്ളത്. ഇതിനായി വൈദ്യുതി ബോർഡും കണ്ണൂർ ജില്ലാ പഞ്ചായത്തും തമ്മിൽ ഊർജ്ജ വിപണന കരാറിൽ (Power Purchase Agreement) ഏർപ്പെടാനുദ്ദേശിക്കുന്നുണ്ട്.

(സി) പദ്ധതിക്ക് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ നിന്നും കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിൽ നിന്നും ധന സഹായം ലഭ്യമാക്കാൻ അനെർട്ട് നടപടി സ്വീകരിച്ചുവരുന്നു. ബാക്കി തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തും.

എ.പി.ഡി.ആർ.പി. സ്കീമനുസരിച്ച് കേരളത്തിൽ അനുവദിച്ച പദ്ധതികൾ

150 (5555) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയനുസരിച്ച് 2006 മുതൽ ഓരോ വർഷവും എത്ര കോടി രൂപയുടെ പ്രവൃത്തികൾ കെ.എസ്.ഇ.ബി. പൂർത്തിയാക്കിയിട്ടുണ്ട് ;